GOVT GIRLS HIGHERSECONDARY SCHOOL,ADOOR




ഒരു ലിറ്റിൽ കൈറ്റ് സംരംഭം

ഞങ്ങളുടെ കൊച്ചുസ്നേഹച്ചെപ്പ്.....

ഈ കൂട്ടിലെ പൂമ്പാറ്റകളുടെ സൗഹൃദങ്ങളിൽ രൂപംകൊണ്ട കുട്ടി

രചനകൾ...

ലിറ്റിൽ കൈറ്റ്സിനു വേണ്ടി സമർപ്പിക്കുന്നു.....

എഡിറ്റർ

സന്ദേശം

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ചെപ്പ് എന്ന പേരിൽ ഒരു പതിപ്പ് പുറത്തിറക്കുന്നതിൽ സന്തോഷിക്കുന്നു.ഈ ഉദ്യമത്തിന് എല്ലാ ആശംസകളും നേരുന്നു.

അംബിക എ

എച്ച് എം

GLOBAL WARMING

Global warming is defined asthe increase in temperature ofearth,that causes change in climate.An increase in industrial agricultural and otherhumanactivityresulting in release of more green house gases inthe atmosphere. These gases causes the atmosphere to trapincreasing amount of heat energy in the earth's surfacemaking the planet warmer than usual. The global temperature is now one degree celsiusthat by the middle of the next centuary, the earth's globaltemperature may be one degree celsius to three degreehigher than in 1900. Prediction of future climate indicatecelsius higher that what it is today. Researchers havechecked through indirect evidence and confirmed that thewarmest decade in the past 1000 years was from 1990 to
1999. The warmest year of the millinium was 1998. Theinternational Red Cross and Red Cresent have analysed thepast 33 years of natural disaster has increased in the past 3 decades

Adithya

# WATER POLLUTION

Water,the white gold is coverd with 71% in the World.Many rivers , ponds , lakes etc are polluted in our world .This water pollution is caused mainly by human Activities .Human beings are putting the wastes in the river. We need water for all ourneeds.If we pallote water like it will hard to live in this world in future.So weall should together save water and protect our nature for the futuure generation to live.

# Women

Oh,I am so happy to
be having a mother
Oh,I am so happy to
be a student
Oh,I am so happy to
be a sister
Oh,I am so happy to
be a daughter
Oh,I am so happy to
be a girl
All the form of women may not be nothing
She is the most wonderful creation of GOD
Our mother....!

AMRUTHA

# കടങ്കഥകൾ

1, ഞെട്ടില്ലാ വട്ടയില ? : **പപ്പടം**

2,അകത്തു രോമം പുറത്തിറച്ചി? : **: മൂക്**
3, അങ്ങേലെ ചങ്ങാതി വിരുന്നു വന്നു
കായ്ക്കാത്ത പൂക്കാത്ത ചെടിയുടെ ഇലവേണം ?**:വെറ്റില**

4, അക്കരെ നിക്കും തുഞ്ചാണി ഇക്കരെ നിക്കും
തുഞ്ചാണിക്കുട്ടിമുട്ടും ഏന്താണു?? : **കൺപീലി**

**5,** അങ്ങേ വീടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ
മുറ്റമടി **?: മുള**

**6,** അങ്ങോട്ടും ഇങ്ങോട്ടും സംഭന്തം വീട്ടമ്മക്കിതു
നിർബന്തം **: സാക്ഷ 13, അപ്പത്തിനുകൂട്ടും അടിക്കുകൂടില്ല ? :**
**ചുണ്ടുകൾ**

7 അമ്പലത്തിലുള്ള ചേംബകത്തിനു കൊമ്പില്ല **? :കൊടിമരം**

8, ആവശ്യക്കാരൻ വങ്ങുന്നില്ല....വാങ്ങുന്നവൻ
അറിയുന്നില്ല..**? : ശവപ്പെട്ടി**
**9, അമ്മ കറുമ്പി മോളു വെളുമ്പി മോളുടെ**
**മോളൊരു സുന്ദരിക്കോത ? : വെള്ളിലം**

10, അമ്മത്തൊട്ടാലുംഅമ്മയേ തോട്ടാലും മകൻ
ഇല്ല്യാതാവും ? : ഉപ്പ്

**11,** ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കാര് **? :**
**തീപ്പട്ടികൊള്ളികൾ**

**12,** ഒരമ്മ നേരം വെളുത്താൽ വീടിനു ചുറ്റും
ചുറ്റി നടക്കും പിന്നെച്ചെന്നൊരു മൂക്കിലിരിക്കും **?**
**:ചൂൽ**

**13,** ഓട്ടം കുതിര, ചാട്ടം കുതിര, വെള്ളം കണ്ടാൽ
നിൽക്കും കുതിര? : **ചെരുപ്പ്**

AKSHAYA

ചെപ്പ്


ചെപ്പ് തുറക്കുമ്പോൾ
മിന്നിതിളങ്ങീടും
മുത്തുകളാണല്ലോ
മുത്തുകൾ ചേർത്തൊരു
മാലകെട്ടീടുമ്പോൾ
എന്തൊരു രസമാണ്
ആ മുത്തുകളാണീ ഞങ്ങൾ
ആമാലയാണീ സൗഹൃദം



NANDANA

# വൈക്കം മുഹമ്മദ് ബഷീർ

മലയാളികളെ വായിക്കാൻ പഠിപ്പിച്ചത് ബഷീറാണ്. ആഖ്യാനത്തിന്റെ രസനീയതയാണ് ബഷീർകൃതികളെ വ്യത്യസ്തമാക്കുന്നത്. ബഷീറിന്റെ നർമ്മബോധവും എടുത്തുപറയേണ്ടതാണ്. പുരോഗമനകാഴ്ചപ്പാടു കാത്തുസൂക്ഷിച്ച എഴുത്തുകാരനായിരുന്നു ബഷീർ.



സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും. വളരെ കുറച്ചു മാത്രമെഴുതിയിട്ടും ബഷീർ സാഹിത്യം എന്നത് മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ടായിരുന്നു. ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു കൂടെ കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി, കാലാതിവർത്തിയായി. ജയിൽപ്പുള്ളികളും, ഭിക്ഷക്കാരും, വേശ്യകളും, പട്ടിണിക്കാരും, സ്വവർഗ്ഗാനുരാഗികളും നിറഞ്ഞ ഒരു ഫാന്റസിയായിരുന്നു ബഷീറിന്റെ ലോകം. ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ, വികാരങ്ങൾക്കോ അതുവരെയുള്ള സാഹിത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സമൂഹത്തിനു നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിലൊളിപ്പിച്ചു വച്ചു.

SREELEKSHMI

# ശാസ്ത്ര കൗതുകങ്ങൾ

## ചിലന്തികൾ ഇരയെ പിടിക്കാൻ വല കെട്ടാറുണ്ട് എന്നാൽ ഇവ സ്വന്തം വലയിൽ കുരുങ്ങാറില്ല. കാരണം അറിയാമോ?

ചിലന്തിയുടെ വലയിൽ വൃത്താകൃതിയിലും കുറുകെയും ഇഴകൾ പാകിയിരിക്കുന്നത് കാണാം . ഇവതമ്മിൽ വ്യത്യാസമുണ്ട് വൃത്താകൃതിയി ലുള്ളഇഴയിൽ ഒട്ടിപ്പിടിക്കുന്ന പശയുണ്ട് .കുറുകെയുള്ള ഇഴകളിൽ അതില്ല. ഈ വലയുടെ രഹസ്യം അറിയാവുന്ന ചിലന്തികൾ കുറുകെയുള്ള ഇഴകളിൽ കൂടി മാ ത്രമേ സഞ്ചരിക്കാറുള്ളൂ. അതു കാരണം സ്വന്തം വലയിൽ അവ കുരുങ്ങാറില്ല. ഈ രഹസ്യം അറിയാത്ത മറ്റു പ്രാണികൾ ഈ വലയിൽ കുരുങ്ങുകയും ചിലന്തികളുടെആഹാരമായിത്തീരുകയും ചെയ്യും.

## എക്കിൾ എങ്ങനെഉണ്ടാകുന്നു?

ധൃതിപിടിച്ച് ഭക്ഷണംകഴിക്കുക, ദഹനക്കുറവുണ്ടാകുക,ഏറെ ഏരിവുള്ളഭക്ഷണപദാർത്ഥങ്ങൾ കഴിക്കുക തുടങ്ങിയഅവസരങ്ങളിൽചിലപ്പോൾ നമുക്ക് ഏക്കിൾഅനുഭവപ്പെടാറുണ്ട്. നെഞ്ചിനെയും വയറിനെയും വേർതിരിക്കുന്ന ഡയഫ്രത്തിലോഅതിലെക്കുള്ളനാഡിയിലോ എന്തെങ്കിലും അസ്വസ്ഥത അനുഭവ പ്പെടുമ്പോൾ ഡയഫ്രം പെട്ടെന്ന് ചുരുങ്ങുകയും ഈ ചുരുങ്ങൽ തടയുന്നതിനുവേ ണ്ടി ചെറുനാക്ക് അടയുകയും ചെയ്യുന്നു. ചെറുനാക്കിന്റെ ഈ അടയലാണ് നമുക്ക് എക്കിളായി അനുഭവപ്പെടുന്നത് .

## കാണുന്നതാണോ കേൾക്കുന്നതാണോ കൂടുതൽ കാലം ഓർക്കുന്നത് ?

കേൾക്കുന്ന കാര്യങ്ങളും കാണുന്നകാര്യങ്ങളും തലച്ചോറിൽ പ്രത്യേകം പ്രത്യേകം സ്ഥാനങ്ങളിലാണ് രേഖപ്പെടുത്തിവെയ്ക്കുന്നത്. ദൃശ്യങ്ങൾ നേരിട്ട് സ്വീകരിച്ച് സംഗ്രഹിച്ച്സൂക്ഷിക്കുകയാണ് തലച്ചോറ് ചെയ്യുന്നത്. നേരിൽ കാണുന്ന ധാരാളം കാര്യങ്ങൾ ഓർമ്മയിൽ സൂക്ഷിക്കാൻ കഴിയുന്നത് അതുകൊ ണ്ടാണ്. ചെവിയിലൂടെ തലച്ചോറിലെത്തുന്ന ശബ്ദത്തെ വേർതിരിച്ച് അടുക്കിപ്പെറു ക്കിവരുമ്പോൾ കേട്ടതുപലതും മങ്ങിപ്പോകുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നു. തല ച്ചോറിന്റെ ഈപ്രത്യേക ക്രമീകരണംമൂലമാണ് പലരുടെയും മുഖം ഓർമ്മിക്കാൻ കഴിയുമെങ്കിലും അവരുടെ പേര് ഓർമ്മിക്കാൻ സാധിക്കാത്തത്.

## ഇടം കയ്യന്മാർ ഉണ്ടാകുന്നത് എങ്ങനെ ?

മനുഷ്യന്റെ രണ്ടു കരങ്ങളിൽ വലതുകരത്തിനാണ് സ്വാധീനം കൂടുതൽ. എന്നാൽ ചില മനുഷ്യരിൽ ഇടതുകരത്തിനായിരിക്കും സ്വാധീ

നം കൂടുതൽ. അപൂർവ്വം ചിലരിൽ രണ്ടുകൈകളുടെയും സ്വാധീനവും ഒരുപോലെ കണ്ടുവരുന്നുണ്ട്.

തലച്ചോറിന്റെ ഘടനയിലെ ചില വ്യത്യാസങ്ങളാണ് ഇതിന്കാരണം. തലച്ചോറിൽ സെറിബ്രം,സെറിബെല്ലം, മെഡുല്ല ഒബ് ളാങ്കെറ്റ എന്നീ ഭാഗങ്ങളാണുള്ളത്. ഇതിൽ സന്ദേശങ്ങൾ സ്വീകരിക്കുന്ന സെറിബ്രത്തെ രണ്ടുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഈ അർദ്ധഗോളങ്ങ ളെ തമ്മിൽ corpus callosum എന്ന കലകളാൽ ബന്ധിച്ചിരിക്കുന്നു. യുക്തി ചിന്തയുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ ഇടത്തെ അർദ്ധഗോളത്തി ലും സ്ഥലസംബന്ധിയും അമൂർത്തവുമായ സങ്കപ്പങ്ങൾ വലത്തെ അർദ്ധ ഗോളത്തിലുമാണ് സ്വീകരിക്കപ്പെടുന്നത്. ഈ സംവിധാനത്തിലുണ്ടാകു ന്ന ചില വ്യതിയാനങ്ങളാണ് ഇടംകയ്യൻമാരെയും ഇരുകയ്യൻമാരെയും സൃഷ്ടിക്കുന്നത് എന്നുകരുതപ്പെടുന്നു.
ചില പരീക്ഷണങ്ങളിൽ വലംകയ്യൻമാരെ അപേക്ഷിച്ച് ഇടം കയ്യൻമാർക്കും ഇരുകയ്യൻമാർക്കും corpus callosum വലുതായിരിക്കും എന്നു കണ്ടെത്തിയിട്ടുണ്ട്. സെറിബ്രത്തിന്റെ രണ്ടു അർദ്ധഗോളഭാഗങ്ങ ളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ ഭാഗത്തിന്റെ വലിപ്പവ്യത്യാസം സന്ദേശങ്ങൾ സ്വീകരിക്കുന്നതിലുള്ള രണ്ടുഭാഗങ്ങളുടേയും ശൈലിക്ക് മാറ്റമുണ്ടാക്കിയേക്കാം എന്നുകരുതപ്പെടുന്നു .

## ഓട്ടോട്ടമി

*ഓട്ടോട്ടമി എന്നാൽ സ്വയം മുറിക്കൽ എന്നാണർത്ഥം.പല്ലി വർഗ്ഗത്തിൽപ്പെട്ട ജീവികൾ ശത്രുക്കളിൽനിന്ന് രക്ഷനേടാൻ വേണ്ടിയാണ് ഈ സൂത്രം പ്രയോഗിക്കുന്നത്. മുറിഞ്ഞുവീണവാൽ പിടക്കുന്നത് നമ്മൾ നോക്കുമ്പോഴേക്കും പല്ലി ഓടി രക്ഷപ്പെട്ടിരിക്കും.ഇങ്ങനെ വാൽ മുറിച്ചിടുമ്പോൾ അല്പംപ്പോലും പല്ലിക്ക് വേദനിക്കുന്നില്ല.*
*വാലിലേക്ക് നീളുന്ന നട്ടെല്ലിന്റെ ഭാഗം ബലംകുറഞ്ഞതാണ്.വാൽ മുറിയുന്നത് ഈഭാഗത്തുവെച്ചാണ്. വാൽ മുറിഞ്ഞുകഴിഞ്ഞാലുടനെ സ്ഫിങ്ടർ എന്ന പേശികളുടെ പ്രവർത്തനത്താൽ രക്തക്കുഴലുകൾ അടയുന്നു.*
*മുറിഞ്ഞുവീണ വാൽക്ഷണം അൽപ്പനേരത്തേയ്ക്ക് പിടയുന്നത് അവയിലു ള്ള റിഫ്ലക്സ് എന്ന നാഡീതന്തുക്കളുടെ പ്രവർത്തനത്താലാണ്. സുഷുമ്നനാഡിയിലെ ഈ തന്തുക്കളാണ് അംഗവിന്യാസങ്ങളുടെ സ്വയം നിയന്ത്രണം നിർവഹിക്കുന്നത് ഈ തന്തുക്കൾ മുറിയുമ്പോഴാണ് വാൽ പിടക്കുന്നത്.*
*കഴുത്തുമുതൽ വാലറ്റംവരെ പല്ലിക്ക് കശേരുക്കളാൽ നിർമ്മിതമായ നട്ടെ*

*ല്ലുണ്ട്. ഒരു കശേരുവിന്റെ പകുതിയിൽവച്ചാണ് വാൽ മുറിക്കുന്നത്. വാൽ മുറിച്ച് കളഞ്ഞ പല്ലിയുടെ ജീവിതം ബുദ്ധിമുട്ടാണ്. ഓടാനും മരത്തിൽ കേറാനുമൊക്കെ വാൽ വേണം . പഴയപ്പോലെ വലിപ്പവും ഭംഗിയും ഇല്ലെങ്കിലും ഒരു പുതിയവാൽ ഏതാനും ദിവസങ്ങൾക്കകം മുറഞ്ഞതിന്റെ സ്ഥാനത്ത് മുളച്ച് വരും. ഒരു തവണ മാത്രമെ മുറിഞ്ഞവാൽ വീണ്ടും മുളച്ചുവരുകയുള്ളൂ. പിന്നീട് മുറിഞ്ഞാൽ മുളച്ചാൽ വരികില്ല.*

*സമ്പാദനം*

*NITHYA*

# *राष्ट्रीय हिंदी दिवस'*

भारत में, 'राष्ट्रीय हिंदी दिवस' प्रति वर्ष 14 सितंबर को मनाया जाता है। 14 सितंबर 1949 को हिंदी को भारत की राष्ट्रीय भाषा के रूप में अपनाया गया था। तब से हर साल 14 सितंबर को भारत में और विदेशों में स्थित सभी केन्द्रीय सरकारी कार्यालयों में हिंदी दिवस के रूप में मनाया जाता है।

हिंदी भारत की राष्ट्रीय भाषा है। हिंदी भाषा सभी भारतीयों के बीच सौहार्द और एकता की भावना को जागृत करती है। हिंदी दिवस के दिन हिन्दी को बढ़ावा देने के लिए कई कार्यक्रम देश भर में आयोजित किए जाते हैं।

धन्यवाद !

*SAKHIRANI*

# *Happiness Poem*

Life is full of surprise
Treat I get from the world
I can't say beauty of life
and beauty of nature
in the words that I know
I dance in the word of happiness
I love my world
which makes me happy
I love my nature
which makes me happier
I love my life
which makes me happiest
More than all!

*ARCHANA G*

# *सुविचार*

“आजाद रहिये विचारों से..लेकिन बंधे रहिये अपने संस्कारों से..।”

“समझदार व्यक्ति खुद गलतियां नही करता है, बल्कि दुसरो की गलतियों से जीवन की सच्चाई परख लिया करता है।”

“ज़ीन्दगी बदलने के लिए लड़ना पडता हे, ओर आसान करने के लिए समझना पड़ता है।”


“सपने को पाने के लिए समझदार नहीं पागल बनना पड़ता है”

“जीतने का मजा तब ही आता है,जब सभी आपके..हारने का इंतजार कर रहे हो!”

***ARCHANA R***




SONA



ഒരു ശരാശരി പുകവലിക്കാരന്റെ ശ്വാസകോശത്തിൽ അടിഞ്ഞു കൂടുന്ന കറ ഇത്രത്തോളമായിരിക്കും

പുക വലിക്കരുത് വലിക്കാൻ അനുവദിക്കരുത്

പുക വലിക്ക് വലിയ വില കൊടുക്കേണ്ടി വരും

HARIPRIYA




SREELEKSHMI S




ANAKHA

# നന്ദി

ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ
കൈറ്റ് അംഗങ്ങൾക്കും കൈറ്റ് മാസ്റ്റേഴ്സിനും നന്ദി!

എഡിറ്റർ

GREESHMA